# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4738    28/06/2013 ലെ മറുപടിക്ക്

### ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ .ലതിക : | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ) | |
| (എ) | ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കേരളത്തിൽ 51 ഗ്രാമ പഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക അനുവദിച്ചിട്ടുണ്ട്. |
| (ബി) | പഞ്ചായത്തുകൾ സ്വന്തമായി വാങ്ങിയിട്ടുള്ള വാഹനങ്ങളിലെ ഡ്രൈവർമാർക്ക് ഇപ്പോൾ ശമ്പളം, അലവൻസ് മുതലായവ നൽകുന്നത് ഏത് മാനദണ്ഡ പ്രകാരമാണ് ; വ്യക്തമാക്കുമോ ; | (ബി) | ഡ്രൈവർ തസ്തിക അനുവദിച്ചിട്ടുള്ള പഞ്ചായത്തുകളിൽ പി.എസ്.സി വഴി ഡ്രൈവർ നിയമനം നടത്തുകയും ശമ്പള പരിഷ്കരണ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ശമ്പളം അനുവദിക്കുകയും ചെയ്യുന്നു. സ്വന്തമായി വാഹനമുള്ളതും ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതുമായ പഞ്ചായത്തുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിക്കുകയും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി ദിവസവേതനം പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | പഞ്ചായത്തുകളുടെ വാഹന ങ്ങളിൽ അഞ്ച് വർഷമോ അതിൽ കൂടുതലോ സേവന മനുഷ്ഠിച്ച ഡ്രൈവർമാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | നിലവിലുള്ള ചട്ടങ്ങളിലോ സർക്കാർ ഉത്തരവുകളിലോ അഞ്ച് വർഷമോ അതിൽ കൂടുതലോ സേവന മനുഷ്ഠിച്ച ഡ്രൈവർമാരെ സ്ഥിരപ്പെ ടുത്താൻ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ